(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ട്രസ്റ്റുമായി പ്രസ്തുത ഏജൻസി ഉടമ ശ്രീ. ഉലഹന്നാൻ വർഗ്ഗീസ് എന്തെങ്കിലും ഇടപാട് നടത്തുകയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത തട്ടിപ്പ് സംബന്ധിച്ച് കൊച്ചി സി.ബി.ഐ. യൂണിറ്റും ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസുമാണ് അന്വേഷണം നടത്തുന്നത്. എൽ. അഡോൾഫസ്, പ്രൊട്ടക്ടർ എമിഗ്രന്റ്സ്, കൊച്ചി മൈലക്കാട് വർഗ്ഗീസ് ഉലഹന്നാൻ (മാനേജിംഗ് ഡയറക്ടർ അൽ സറാഫ ട്രാവൽസ്), കെ. എസ്. പ്രദീപ് (അക്കൗണ്ടന്റ്, അൽ സറാഫ ട്രാവൽസ്), ജോസി ജോസഫ് ആലപ്പുഴ എന്നിവരെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത കേസ്സിലാണ് അന്വേഷണം നടന്നുവരുന്നത്.

(സി) സി.ബി.ഐ.-യും ഡയറക്ടർ ഓഫ് റവന്യൂ ഇന്റലിജൻസും ഇതിനെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ലോക്കൽ പോലീസ് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അത്തരം ഇടപാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

14(*614) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിനു പരിഹാരം കണ്ടെത്തുന്നതിനായി ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിന് തയ്യാറാകുമോ ;

(സി) പരിഗണനയിലെത്തുന്ന ഫയലുകളിൽ സമയബന്ധിതമായ തീരുമാനം എടുക്കാൻ മന്ത്രിമാർക്ക് കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണ പരിഷ്കാര നടപടികളിലൂടെയും ജീവനക്കാരെ വിശ്വാസത്തിലെടുത്തും വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടികൾ സ്വീകരിച്ച് സാധാരണ ജനങ്ങൾക്ക് സർക്കാർ സേവനം ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങളില്ലാത്ത എല്ലാ ഫയലുകളിലും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭരണ നടപടികൾ ശാസ്ത്രീയവും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭരണ നടപടിക്രമങ്ങൾ ലളിതമാക്കാനും സുതാര്യമാക്കുവാനും സർക്കാർ സേവനങ്ങൾ കാര്യക്ഷമമായി സർക്കാർ ഓഫീസിൽ പോകാതെ ഏതു സമയത്തും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന നിരവധി ഇ-ഗവേണൻസ് പദ്ധതികൾ വിവര സാങ്കേതികവിദ്യാ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സംസ്ഥാന പരിശീലനനയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്.

**ട്രാഫിക് നിയമം നടപ്പാക്കാൻ ആധുനിക സംവിധാനം**

15(*615) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ട്രാഫിക് നിയമം നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്. ട്രാഫിക് നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ആൽക്കോമീറ്ററുകൾ തുടങ്ങിയ ഉപകരണങ്ങളും ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങളും സംസ്ഥാന പോലീസ് ഉപയോഗിക്കുന്നുണ്ട്. കേരള പോലീസ് കൂട്ടുതലായും ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് സംവിധാനമാണ് ഉപയോഗിക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായം സ്വീകരിച്ചും പോലീസ് വകുപ്പ് ആധുനികവൽക്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly